


കവർസ്റ്റോറി

**മുജ്തബാ ഫാറൂഖ്**
(സെക്രട്ടറി, ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്)

# പിന്നാക്ക-ന്യൂനപക്ഷ സമുദായങ്ങൾക്ക് പ്രസക്തി വർധിക്കുന്നു



**1. ഇന്ത്യയിൽ** ന്യൂനപക്ഷ മത സമൂഹങ്ങൾ രണ്ടു തരത്തിലുണ്ട്. ഭൂരിപക്ഷ സമുദായവുമായി ചേർന്നു നിൽക്കുന്നവയും അല്ലാത്തവയും. മുസ്‌ലിം, ക്രിസ്ത്യൻ വിഭാഗങ്ങൾ ഭൂരിപക്ഷ സമുദായങ്ങളിൽനിന്ന് ഏറെ അകലത്തിലാണുള്ളത്. ഇക്കാരണത്താൽ തന്നെ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് പലപ്പോഴും അർഹതപ്പെട്ട അവകാശങ്ങൾ നിഷേധിക്കപ്പെടുകയും മർദനങ്ങൾ ഏറ്റുവാങ്ങേണ്ടിവരികയും ചെയ്യുന്നു.

ഇന്ത്യയിലെ ഭൂരിപക്ഷ ഹൈന്ദവ സമൂഹമെന്നത് ഒട്ടനേകം ജാതികളും ഉപജാതികളും ചേർന്നുള്ളതാണ്. ഹൈന്ദവ സമൂഹത്തിന്റെ രാഷ്ട്രീയം എറക്കുറെ ജാതി രാഷ്ട്രീയമായി മാറിയിട്ടുണ്ട്. രാഷ്ട്രീയ ശക്തി ഈ ഉപഘടകങ്ങൾക്ക് വലിയ വിലപേശൽ മൂല്യമാണ് നൽകിയിട്ടുള്ളത്. മുസ്‌ലിം ന്യൂനപക്ഷത്തിനും ഈ വഴിയിൽ ചിന്തിക്കാൻ സമയമായിരിക്കുന്നു. കാരണം രാഷ്ട്രീയ ശക്തിയില്ലാതെ അവകാശങ്ങൾ നേടിയെടുക്കാനോ സാമൂഹിക പ്രക്രിയയിൽ ക്രിയാത്മകമായി പങ്കുകൊള്ളാനോ കഴിയുകയില്ല. ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ രാഷ്ട്രീയ സഖ്യങ്ങൾക്കാണ് വരുംകാല ഇന്ത്യയിൽ ഏറെ പ്രസക്തിയുള്ളത്.

**ഹൈന്ദവസമൂഹത്തിന്റെ രാഷ്ട്രീയം എറക്കുറെ ജാതി രാഷ്ട്രീയമായി മാറിയിട്ടുണ്ട്. രാഷ്ട്രീയ ശക്തി ഈ ഉപഘടകങ്ങൾക്ക് വലിയ വിലപേശൽ മൂല്യമാണ് നൽകിയിട്ടുള്ളത്. മുസ്‌ലിം ന്യൂനപക്ഷത്തിനും ഈ വഴിയിൽ ചിന്തിക്കാൻ സമയമായിരിക്കുന്നു. കാരണം രാഷ്ട്രീയ ശക്തിയില്ലാതെ അവകാശങ്ങൾ നേടിയെടുക്കാനോ സാമൂഹിക പ്രക്രിയയിൽ ക്രിയാത്മകമായി പങ്കുകൊള്ളാനോ കഴിയുകയില്ല. ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ രാഷ്ട്രീയ സഖ്യങ്ങൾക്കാണ് വരുംകാല ഇന്ത്യയിൽ ഏറെ പ്രസക്തിയുള്ളത്.**

ഇത്തരം ഒരു ക്രിയാത്മക സഖ്യം ഉയർന്നുവരികയാണെങ്കിൽ അത് ഏറ്റെടുക്കേണ്ട വളരെ സുപ്രധാനമായ ചില അജണ്ടകളുണ്ട്. രാജ്യത്തെ മുഴുവൻ പൗരന്മാർക്കും തുല്യനീതി ഉറപ്പാക്കലാണ് ഏറ്റവും പ്രധാനം. സമൂഹത്തിലെ മൂന്നിൽ രണ്ടുവരുന്ന ദരിദ്രരുടെ പ്രശ്നങ്ങൾ പരിഹരിക്കണം. ന്യൂനപക്ഷ പിന്നാക്ക വിഭാഗങ്ങളുടെ രാഷ്ട്രീയ ശാക്തീകരണം സാധ്യമാവണം. എണ്ണത്തിൽ കുറവായതിനാൽ മാത്രം മറ്റുള്ളവരെ ആശ്രയിക്കേണ്ട ഗതികേടിൽ നിന്നവർ മുക്തരാവണം. രാജ്യത്തെ സാധാരണക്കാരൻ നിത്യജീവിതത്തിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടണം.

2. അടിസ്ഥാന രഹിതമാണ് ഈ വാദം. ഇന്ന് ബി.ജെ.പി അധികാരത്തിലെത്തിയ സംസ്ഥാനങ്ങൾ പരിശോധിച്ചാൽ ന്യൂനപക്ഷങ്ങൾ പ്രത്യേകമായി സംഘടിച്ചതുകൊണ്ടല്ല അവിടങ്ങളിൽ അങ്ങനെ സംഭവിച്ചത് എന്ന് കാണാനാവും.

ഇന്ത്യൻ രാഷ്ട്രീയം ഇപ്പോൾ തന്നെ ജാതി രാഷ്ട്രീയമായി മാറിക്കഴിഞ്ഞിട്ടുണ്ട്. ബി.ജെ.പി മുതൽ ബി.എസ്.പി വരെയുള്ളവർ ജാതിയുടെ ഗണിതശാസ്ത്രമാണ് സംഘടനാ വളർച്ചക്ക് ഉപയോഗിക്കുന്നത്. ഇന്ത്യൻ സാമൂഹികാവസ്ഥകൾ പരിഗണിക്കുമ്പോൾ ഇത് സ്വാഭാവികം എന്ന് കരുതാനേ ന്യായമുള്ളൂ.

പിന്നാക്ക ന്യൂനപക്ഷങ്ങൾ രാഷ്ട്രീയമായി സംഘടിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഇക്കാര്യത്തിൽ പ്രസക്തമാണ്. വർഗീയ മനസ്സോടുകൂടി ന്യൂനപക്ഷങ്ങൾ സംഘടിക്കുന്നതും അവരുടെയും മറ്റു മർദിത പിന്നാക്ക വിഭാഗങ്ങളുടെയും ന്യായമായ അവകാശങ്ങൾ നേടിയെടുക്കാൻ രാഷ്ട്രീയ ശക്തിയാവുന്നതും തമ്മിൽ അജഗജാന്തരമുണ്ട്.

ഇക്കാര്യത്തിൽ മികച്ച ഉദാഹരണമാണ് ആസാമിലെ എ.യു.ഡി.എഫ്. മുഖ്യമായും മുസ്‌ലിം സമൂഹത്തെ പ്രതിനിധീകരിക്കുമ്പോഴും മറ്റു പിന്നാക്ക

ക്കാർക്കും അമുസ്‌ലിംകൾക്കും ന്യായമായ പരിഗണന നൽകാൻ അവർ പ്രത്യേകം ശ്രദ്ധിച്ചു. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഗോദയിലിറക്കിയ 73 സ്ഥാനാർഥികളിൽ 27 പേർ അമുസ്‌ലിംകളായിരുന്നു. വിജയിച്ച 10 പേരിൽ ഒരാൾ അമുസ്‌ലിമായിരുന്നു. ഇക്കാരണങ്ങളാൽ തന്നെ ആസാമിൽ എ.യു.ഡി.എഫിന്റെ വരവ് ഒരിക്കലും വർഗീയ ധ്രുവീകരണത്തിന് വഴിതെളിച്ചില്ല. മറിച്ച് ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണത്തിന് അമുസ്‌ലിംകൾ കൂടി മുന്നോട്ടു വരുന്ന അവസ്ഥ ഉണ്ടാക്കുകയാണ് ചെയ്തത്.

3. കഴിഞ്ഞ 60 ആണ്ടുകളായി കണ്ണുംചിമ്മി അനുകൂലിച്ച മതേതര പാർട്ടികൾ മുസ്‌ലിംകളോട് അനീതിയാണ് ചെയ്തത് എന്നതിന്റെ സാക്ഷ്യപത്രമാണ് സച്ചാർ റിപ്പോർട്ട്. സ്വാതന്ത്ര്യത്തിനുശേഷം മുസ്‌ലിം സമുദായത്തിന്റെ വളർച്ച പിന്നോട്ടായിരുന്നു. അവരുടെ രാഷ്ട്രീയ ശാക്തീകരണം എന്ന പ്രക്രിയ നടന്നതേയില്ല.

വർഗീയ കലാപങ്ങളുടെ ഉമ്മാക്കി കാട്ടി ഭയപ്പെടുത്തുകയായിരുന്നു ഇക്കാലമത്രയും കോൺഗ്രസ്. ആ ഒരൊറ്റക്കാര്യം പറഞ്ഞാണ് കോൺഗ്രസ് മുസ്‌ലിം വോട്ടുകൾ പെട്ടിയിലാക്കിയത്. ലാലുവും മുലായവും മുസ്‌ലിം സംരക്ഷകരായി വന്നെങ്കിലും വോട്ടിനുശേഷം സമുദായത്തിന് കാര്യമായൊന്നും കിട്ടിയില്ല. കിട്ടിയതെല്ലാം യാദവർക്ക്. "നിങ്ങൾക്ക് സംരക്ഷണം തന്നതുതന്നെ വലിയ കാര്യമല്ലേ" എന്നാണ് ലാലുവിന്റെ പക്ഷം. ഇടതുപക്ഷം ബംഗാളിൽ മുസ്‌ലിംകൾക്ക് ബാക്കിവെച്ചത് എന്താണെന്ന് നന്ദിഗ്രാം പറഞ്ഞുതരുന്നുണ്ട്.

4. കേരളത്തിലെ മുസ്‌ലിം ലീഗ്, ഹൈദറാബാദിലെ മജ്‌ലിസ്, ആസാമിലെ എ.യു.ഡി.എഫ് എന്നിവയാണ് ഇക്കൂട്ടത്തിൽ എണ്ണാൻ പോന്ന സംരംഭങ്ങൾ. പൊതുവിൽ പറഞ്ഞാൽ ഇവയൊക്കെയും ചില നഗരങ്ങളിലോ പ്രദേശങ്ങളിലോ പരിമിതമാണ്. മജ്‌ലിസ് ഹൈദറാബാദിൽ മാത്രമുള്ള പ്രതിഭാസമാണ്. മുസ്‌ലിംലീഗിന് മലബാറിനപ്പുറം സ്വാധീനം പരിമിതമാണ്.

ദേശീയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുമ്പോൾ മാത്രമേ ദേശീയ സ്വാധീനമുണ്ടാക്കാൻ സാധിക്കൂ. മുസ്‌ലിംലീഗും മജ്‌ലിസും വലിയൊരളവോളം മറ്റുള്ളവരെ ആശ്രയിച്ചും അവർക്ക് കീഴടങ്ങിയുമാണ് മുന്നോട്ടു പോയത്. ഇത് അവരുടെ വിലപേശൽ ശക്തിയെ ക്ഷയിപ്പിക്കാനിടയായിട്ടുണ്ട്.

പ്രാദേശിക പാർട്ടികളായിരിക്കെ തന്നെ കൃത്യമായ കാഴ്ചപ്പാടും നിലപാടുകളും ഉണ്ടായിരുന്നെങ്കിൽ ഇത്തരം പ്രതിഭാസങ്ങൾക്കുപോലും ദേശീയ പ്രസക്തി ഉണ്ടാക്കാൻ കഴിയുമായിരുന്നു. മുലായം, മമത, ലാലു എന്നിവർ പ്രാദേശിക പാർട്ടികൾ കൊണ്ട് ദേശീയ രാഷ്ട്രീയത്തെ നിയന്ത്രിക്കുന്നവരാണ്.

5. ഈ മൂന്ന് പരീക്ഷണങ്ങളെയും വേറിട്ട് കാണേണ്ടതുണ്ട്. ജമാഅത്തെ ഇസ്‌ലാമി മുൻകൈയെടുത്ത് രൂപീകരിച്ച സാമൂഹിക-രാഷ്ട്രീയ സമ്മർദഗ്രൂപ്പാണ് എം.പി.ജെ. ആന്ധ്രപ്രദേശിലും മഹാരാഷ്ട്രയിലുമാണ് ഇത് രൂപീകരിക്കപ്പെട്ടത്. സജീവ രാഷ്ട്രീയത്തിൽ പങ്കെടുക്കില്ല എന്നത് അതിന്റെ ഭരണഘടനയിൽ തന്നെ എഴുതിച്ചേർത്തിട്ടുണ്ട്. എന്നാൽ ജനകീയ പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന പ്രവർത്തനശൈലിയാണ് എം.പി.ജെക്കുള്ളത്.

കർണാടകയിലെ മുസ്‌ലിം മുത്തഹിദ മഹാസ് തെരഞ്ഞെടുപ്പു കാലത്ത് പ്രത്യേകമായി രൂപീകരിച്ച ബോഡിയാണ്. കർണാടകയിലെ മുഖ്യധാരാ മുസ്‌ലിം സംഘടനകളും ചില അമുസ്‌ലിം പ്രമുഖരും ഇതിൽ അംഗങ്ങളാണ്. ഫാഷിസ്റ്റ് രാഷ്ട്രീയത്തിന് തടയിടാൻ തൊട്ടടുത്ത മതേതര സ്ഥാനാർഥിയെ വിജയിപ്പിക്കുക എന്ന പ്രവർത്തനതത്ത്വമാണ് മഹാസിന്റേത്. മണ്ഡലം തലത്തിൽ പ്രവർത്തനങ്ങൾ നടത്താൻ ഈ കൂട്ടായ്മക്കായിട്ടുണ്ട്. എന്നാൽ ഒരുപാട് അഭിപ്രായ വ്യത്യാസങ്ങളുള്ള കുറെയേറെ വ്യക്തികളും ഗ്രൂപ്പുകളും ഒന്നിച്ചുനിൽക്കുന്ന സംരംഭം എന്ന പരിമിതിയും ഇതിനുണ്ട്. തെരഞ്ഞെടുപ്പുകൾക്കപ്പുറം ഇതിൽനിന്ന് ഏറെ പ്രതീക്ഷിക്കുന്നത് അസ്ഥാനത്തായിരിക്കും.

ആസാമിലെ എ.യു.ഡി.എഫ് ഒരു യഥാർഥ ബദൽ രാഷ്ട്രീയ പരീക്ഷണമാണ്. കശ്മീർ കഴിഞ്ഞാൽ ഏറ്റവുമധികം മുസ്‌ലിംകൾ ഉള്ള (31 ശതമാനം) സംസ്ഥാനമാണ് ആസാം. നിയമസഭയിലെ 123 സീറ്റുകളിൽ മുസ്‌ലിംകൾ നിർണായക ശക്തിയായിട്ടുള്ള -30 മുതൽ 85 ശതമാനം വരെ- 40 മണ്ഡലങ്ങൾ ആസാമിലുണ്ട്. എന്നുവെച്ചാൽ ശ്രദ്ധാപൂർവം പരിശ്രമിച്ചാൽ നിയമസഭയിലെ മൂന്നിലൊന്ന് വരെ നേടിയെടുക്കാൻ എ.യു.ഡി.എഫിനാവും. അങ്ങനെ വന്നാൽ അവരെ കണക്കിലെടുക്കാതെ ആർക്കും ആസാം ഭരിക്കാനാവാത്ത അവസ്ഥയുണ്ടാകും.

സാധ്യതകൾ ഇത്രയൊക്കെ ഉണ്ടെങ്കിലും പ്രതീക്ഷിച്ചത്ര ഫലം ഉണ്ടാക്കാൻ എ.യു.ഡി.എഫിനും കഴിഞ്ഞിട്ടില്ല. സ്ഥാനാർഥി നിർണയത്തിലെ പോരായ്മകൾ കഴിഞ്ഞ തവണ വിജയത്തിന് മങ്ങലേൽപ്പിച്ചു. 10 എം.എൽ.എമാരെ വിജയിപ്പിക്കാനേ എ.യു.ഡി.എഫിനായുള്ളൂ.

ബ്രഹ്മപുത്ര വെള്ളപ്പൊക്കം, ബംഗ്ലാദേശി കുടിയേറ്റം തുടങ്ങി ധാരാളം പ്രശ്നങ്ങളിൽ ശക്തമായ നിലപാടെടുത്ത് മുന്നോട്ടു പോവാൻ എ.യു.ഡി.എഫ് ഇനിയും ശ്രമിക്കേണ്ടതുണ്ട്. സുതാര്യതയും ആഭ്യന്തര ജനാധിപത്യവും കുറവാണ് എന്നതാണ് എ.യു.ഡി.എഫിനെ അടുത്തുനിന്ന് നിരീക്ഷിക്കുമ്പോൾ മനസ്സിലാവുന്നത്. ജമാഅത്തെ ഇസ്‌ലാമി മുൻകൈയെടുക്കുകയും ജംഇയ്യത്തുൽ ഉലമയിലെ വിവിധ വിഭാഗങ്ങളെയും ഇതര സംഘടനകളെയും ഒരുമിച്ചിരുത്തി രൂപീകരിച്ചതുമായ എ.യു.ഡി.എഫ് ഇപ്പറഞ്ഞ കുറവുകളാൽ പരാജയപ്പെടുകയാണെങ്കിൽ ന്യൂനപക്ഷ രാഷ്ട്രീയ പരീക്ഷണങ്ങൾക്ക് കനത്ത തിരിച്ചടിയാവും. അങ്ങനെയാവില്ലെന്ന് നമുക്ക് പ്രത്യാശിക്കാം.

6. ഒരു ദേശീയ രാഷ്ട്രീയ പാർട്ടി രൂപീകരിക്കും എന്ന് മാത്രമാണ് ജമാഅത്ത് ദേശീയ ശൂറ തീരുമാനിച്ചിട്ടുള്ളത്. വിശദാംശങ്ങൾ തയാറാക്കാൻ ഒരു ഉപസമിതിയെ നിയോഗിച്ചിട്ടുണ്ട്. സമിതിയുടെ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ പുരോഗമിക്കുകയാണ്. ഈ സമിതിയുടെ റിപ്പോർട്ട് ശൂറയിൽ ചർച്ച ചെയ്തശേഷം മാത്രമേ മൂർത്തമായ തീരുമാനങ്ങളും പ്രഖ്യാപനവും പ്രതീക്ഷിക്കാവൂ.

മൂല്യങ്ങളിലധിഷ്ഠിതമായ ക്ഷേമ രാഷ്ട്രം എന്ന മുദ്രാവാക്യം ഉയർത്തി പിന്നാക്ക-ന്യൂനപക്ഷ-മർദിത ജനവിഭാഗങ്ങൾക്ക് അവസരസമത്വവും സാമൂഹികനീതിയും ഉറപ്പുവരുത്തുന്നതിന് പൊരുതുന്ന വേറിട്ട ഒരു രാഷ്ട്രീയ പരീക്ഷണമായിരിക്കും ഇത്. ■